2. സ്റ്റേഷന്റെ ശോച്യാവസ്ഥ :

കരുനാഗപ്പള്ളി ഫയർ സ്റ്റേഷനുവേണ്ടി ഐ.എച്ച്.ആർ.ഡി.-യുടെ പോളിടെക്നിക് പ്രവർത്തിക്കുന്ന കെ.ഐ.പി.-യുടെ സ്ഥലത്തിന്റെ ഒരു ഭാഗം (30 സെന്റ്) ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ജീവനക്കാരുടെ വിവരങ്ങൾ :

ആകെയുള്ള 39 ജീവനക്കാരിൽ ഫയർമാൻ തസ്തികയിൽ 4 പേരുടെ ഒഴിവുകൾ മാത്രമാണ് നിലവിലുള്ളത്. പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതാണ്.

4. വാഹനങ്ങൾ :

കരുനാഗപ്പള്ളി നിലയത്തിൽ 1 മൊബൈൽ ടാങ്കർ യൂണിറ്റ്, 1 വാട്ടർ ലോറി എന്നിവ നിലവിലുണ്ട്. മിനി മൊബൈൽ ടാങ്കർ യൂണിറ്റ് ശാസ്താംകോട്ട നിലയത്തിലേക്ക് താൽക്കാലികമായി നൽകിയിരിക്കുന്നു. കൂടാതെ ഒരു ആംബുലൻസും ഒരു ജീപ്പും സ്റ്റേഷനിൽ നിലവിലുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്ന മുറയ്ക്ക് കരുനാഗപ്പള്ളി നിലയത്തിലും അനുവദിക്കുന്നതാണ്.

കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ

214 (1919) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനപ്രതിനിധികളടക്കം നിരന്തരമായി ഉന്നയിക്കുന്ന ഈ ആവശ്യത്തിന് അനുകൂല തീരുമാനം എടുക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(സി) ഫയർ & റസ്ക്യൂ കമാണ്ടന്റ് ജനറൽ നൽകിയ റിപ്പോർട്ടിന്മേൽ നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അടുത്ത അഞ്ച് വർഷക്കാലത്ത് പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിച്ച് 21-12-2011-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ) 3764/2011/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരമുള്ള പട്ടികയിൽ കൊയിലാണ്ടിയിലെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ഉൾപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചതിൽ, കൊയിലാണ്ടി മുത്താമ്പി റോഡിൽ ഹോമിയോ ആശുപത്രിക്ക് സമീപം നഗരസഭ വാങ്ങിയ 28 സെന്റ് സ്ഥലത്തിനടുത്ത് 22 സെന്റ് സ്ഥലം വാങ്ങി 50 സെന്റ് സ്ഥലം ഫയർ ഫോഴ്സിന് അനുവദിക്കുന്നതിന് നഗരസഭ തീരുമാനിച്ചുവെങ്കിലും സ്ഥിരം സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല. എന്നാൽ പഴയ ബസ് സ്റ്റാന്റിൽ ഒഴിവുള്ള സ്ഥലത്ത് ഫയർ സ്റ്റേഷൻ താത്ക്കാലികാടിസ്ഥാനത്തിൽ ആരംഭിക്കുവാൻ നഗരസഭ തീരുമാനിച്ചുവെങ്കിലും പ്രസ്തുത സ്ഥലത്ത് ഇനിയും നിർമ്മാണ പ്രവൃത്തികൾ നടത്തിയാൽ മാത്രമേ പ്രാവർത്തികമാകൂ. കൂടാതെ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകിവരുന്നുള്ളൂ. ആയതിനാൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കൊയിലാണ്ടിയിലെ ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

മിഷൻ 676-ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ പരിഷ്കരണം

215 (1920) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ഫയൽ & റസ്ക്യൂ സർവ്വീസിന്റെ പരിഷ്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത് ; ഇവ ബഡ്ജറ്റിന് പുറത്തുള്ള പദ്ധതികളാണോ ;

(ബി) ഇതിൽ ഇതുവരെയും പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ ഏതെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ പത്തനാപുരം, വിളവൂർ, പീരുമേട്, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ ആരംഭിക്കുക.

2. കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ആരംഭിക്കുക.

3. സ്കൂൾ /കോളേജ് കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുക.

4. കാട്ടുതീ നിയന്ത്രണ പരിശീലന പദ്ധതി നടപ്പാക്കുക.

LIBRARY ARCHIVES Kerala Legislative Assembly